ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 06.05.2026** **TIME : 12.30 PM**

## പ്രധാന വാർത്തകൾ

1. മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനെത്തിയ വിയറ്റ്നാം പ്രസിഡന്റ് തോ ലാമിന് രാഷ്ട്രപതി ഭവനിൽ ആചാരപരമായ സ്വീകരണം; പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തി.
2. നിയമസഭാ തിരഞ്ഞെടുപ്പ് നടന്ന കേരളം, തമിഴ്നാട്, പശ്ചിമ ബംഗാൾ, അസം, കേന്ദ്ര ഭരണ പ്രദേശമായ പുതുച്ചേരി എന്നിവിടങ്ങളിൽ സർക്കാർ രൂപീകരണ ചർച്ചകൾ ഊർജ്ജിതം.
3. ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷതയ്ക്ക് കീഴിലുള്ള തൊഴിൽ പ്രവർത്തക സമിതിയുടെ രണ്ടാമത്തെ യോഗം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു.
4. കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്നുള്ള ഈ വർഷത്തെ ഹജ്ജ് സർവീസിന് തുടക്കമായി; 350 ഓളം തീർത്ഥാടകരുമായി ആദ്യ വിമാനം പുറപ്പെട്ടു.
5. സംസ്ഥാനത്ത് ശമനമില്ലാതെ പകൽ ചൂട്. സൂര്യാഘതത്തിനെതിരെ മുൻകരുതൽ നിർദേശങ്ങളുമായി ദുരന്ത നിവാരണ അതോറിട്ടി.
6. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് - പഞ്ചാബ് കിംഗ്സ് പോരാട്ടം.

## പ്രധാനമന്ത്രി - വിയറ്റ്നാം പ്രസിഡന്റ്

മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനെത്തിയ വിയറ്റ്നാം പ്രസിഡന്റ് തോ ലാമിന് രാഷ്ട്രപതി ഭവനിൽ ആചാരപരമായ സ്വീകരണം നൽകി. രാഷ്ട്രപതി ദ്രൗപദി മുർമുവും, പ്രധാനമന്ത്രി നരേന്ദ്ര മോദിയും ചേർന്ന് അദ്ദേഹത്തെ സ്വീകരിച്ചു. കേന്ദ്രമന്ത്രിമാരായ പീയൂഷ് ഗോയൽ, അശ്വിനി വൈഷ്ണവ്, ജിതേന്ദ്ര സിംഗ് തുടങ്ങിയവർ സന്നിഹിതരായിരുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി വിയറ്റ്നാം പ്രസിഡന്റ് ഹൈദരാബാദ് ഹൗസിൽ കൂടിക്കാഴ്ച നടത്തി. രാജ്ഘട്ടിൽ രാഷ്ട്ര പിതാവ് മഹാത്മാഗാന്ധിക്ക് അദ്ദേഹം ശ്രദ്ധാഞ്ജലി അർപ്പിച്ചു.

## തിരഞ്ഞെടുപ്പ് ചർച്ചകൾ

നിയമസഭാ തിരഞ്ഞെടുപ്പ് നടന്ന കേരളം, തമിഴ്നാട്, പശ്ചിമ ബംഗാൾ, അസം, കേന്ദ്ര ഭരണ പ്രദേശമായ പുതുച്ചേരി എന്നിവിടങ്ങളിൽ സർക്കാർ രൂപീകരണ ചർച്ചകൾ പുരോഗമിക്കുന്നു. കേരളത്തിൽ നിയമസഭാ കക്ഷി യോഗത്തിന് ശേഷം മന്ത്രിസഭ രൂപീകരണത്തിനായി ഗവർണറെ യുഡിഎഫ് സമീപിക്കുമെന്ന് നേതാക്കൾ അറിയിച്ചു. അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി പ്രതിനിധികളും ചർച്ചകൾക്കായി എത്തിചേരുമെന്നാണ് റിപ്പോർട്ടുകൾ. തമിഴ്നാട് നിയമസഭാ തെരഞ്ഞെടുപ്പിൽ ഏറ്റവും വലിയ ഒറ്റക്കക്ഷിയായ തമിഴക വെട്രി കഴകം അധ്യക്ഷൻ ജോസഫ് വിജയ് സർക്കാർ രൂപീകരണത്തിനുള്ള അവകാശവാദം ഉന്നയിക്കാൻ ഇന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കറെ കാണും. പശ്ചിമബംഗാളിലും അസമിലും പുതുചേരിയിലും എൻ ഡി എയുടെ സർക്കാർ രൂപീകരണ ചർച്ചകൾ തുടരുകയാണ്.

## സി.പി.ഐ യോഗം

സിപിഐ (എം) സംസ്ഥാന സെക്രട്ടേറിയറ്റ് യോഗം തിരുവനന്തപുരം എ കെ ജി സെൻ്ററിൽ പുരോഗമിക്കുന്നു. നിയമസഭാ തിരഞ്ഞെടുപ്പ് ഫലം വന്നതിനു ശേഷമുള്ള ആദ്യ യോഗമാണിത്. സിപിഐ(എം) ജനറൽ സെക്രട്ടറി എം എ ബേബി യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. തിരഞ്ഞെടുപ്പ് ഫലത്തിൻ്റെ അവലോകനമാണ് യോഗത്തിലെ പ്രധാന ചർച്ചാ വിഷയം.

## തൃക്കൊടിത്താനം ഉപതിരഞ്ഞെടുപ്പ്

കോട്ടയം ജില്ലാ പഞ്ചായത്ത് തൃക്കൊടിത്താനം ഡിവിഷനിൽ ഉപതിരഞ്ഞെടുപ്പിനുള്ള കളം ഒരുങ്ങുന്നു. തൃക്കൊടിത്താനം ഡിവിഷൻ അംഗവും കേരള കോൺഗ്രസ് സ്ഥാനാർഥിയുമായ വിനു ജോബ് നിയമസഭാ തിരഞ്ഞെടുപ്പിൽ ചങ്ങനാശ്ശേരി മണ്ഡലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്നാണ് ഉപതിരഞ്ഞെടുപ്പ്. ആറുമാസത്തിനുള്ളിലാണ് ഉപതിരഞ്ഞെടുപ്പ് നടക്കേണ്ടത്.

## തിരഞ്ഞെടുപ്പ് കമ്മീഷൻ- വിജ്ഞാപനം

പശ്ചിമ ബംഗാളിൽ പുതിയ നിയമസഭ രൂപീകരിക്കുന്നതിനുള്ള വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു. വിജ്ഞാപനം ഗവർണർക്ക് കൈമാറി. അതെസമയം, ഭബാനിപൂർ നിയമസഭാ മണ്ഡലത്തിലെ വോട്ടെണ്ണൽ സംബന്ധിച്ച് തൃണമൂൽ കോൺഗ്രസ് സ്ഥാനാർത്ഥിയും മുഖ്യമന്ത്രിയുമായ മമത ബാനർജി ഉന്നയിച്ച ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി.

## ബ്രിക്സ് -യോഗം (ഇൻട്രോ)

ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷതയ്ക്ക് കീഴിലുള്ള തൊഴിൽ പ്രവർത്തക സമിതിയുടെ രണ്ടാമത്തെ യോഗം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. രണ്ട് ദിവസത്തെ യോഗത്തിൽ ബ്രിക്സ് അംഗരാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....**

(വോയിസ്)

## സൈനിക സ്കൂൾ - സമ്മേളനം

അഖിലേന്ത്യാ സൈനിക് സ്കൂൾ പ്രിൻസിപ്പൽമാരുടെ സമ്മേളനം നാളെയും മറ്റെന്നാളും തിരുവനന്തപുരത്ത് നടക്കും. കഴക്കൂട്ടം സൈനിക സ്കൂളിൽ നടക്കുന്ന സമ്മേളനത്തിൽ പ്രതിരോധ സഹമന്ത്രി സഞ്ജയ് സേത്ത് അധ്യക്ഷത വഹിക്കും. രാജ്യത്തുടനീളമുള്ള 33 സൈനിക് സ്കൂളുകളിലെ പ്രിൻസിപ്പൽമാരുൾപ്പെടെയുള്ളവർ സമ്മേളനത്തിൽ പങ്കെടുക്കും.

## ജലന്ധർ സ്ഫോടനം

പഞ്ചാബിൽ, അമൃത്സറിലെയും ജലന്ധറിലെയും കരസേന, ബിഎസ്എഫ് മേഖലയ്ക്ക് സമീപം, ഇരട്ട സ്ഫോടനം. ആളപായമൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിലും പ്രദേശം അതീവ ജാഗ്രതയിലാണ്. സംഭവത്തിൽ, അന്വേഷണം പുരോഗമിക്കുന്നു.

ബോംബ് സ്ക്വാഡും ഫോറൻസിക് സംഘങ്ങളും പരിശോധനയ്ക്കായി സാമ്പിളുകൾ ശേഖരിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## സ്കൂൾ മാനേജ്മെന്റ് - മാർഗനിർദ്ദേശങ്ങൾ

രാജ്യത്തെ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ, ഇന്ന് ന്യൂഡൽഹിയിൽ പുറത്തിറക്കും. വിദ്യാഭ്യാസത്തിൽ മാതാപിതാക്കളുടെയും സമൂഹത്തിന്റെയും സജീവ പങ്കാളിത്തം, ചെറിയ ക്ലാസ്സുകളിൽ മാതൃഭാഷയുടെയോ പ്രാദേശിക ഭാഷയുടെയോ ഉപയോഗം പ്രോത്സാഹിപ്പിക്കുക, തുടങ്ങിയവയാണ് SMC- യുടെ ലക്ഷ്യം.

❁❁❁❁❁❁❁❁❁❁❁❁❁

## ഐ.പി.എൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് - പഞ്ചാബ് കിംഗ്സ് പോരാട്ടം. ഹൈദരാബാദിലെ രാജീവ് ഗാന്ധി അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ, രാത്രി 7:30 നാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁❁❁

## കേരളം -ചൂട്

സംസ്ഥാനത്ത് പകൽച്ചൂടിന് ശമനമില്ല. സൂര്യാഘാതമുൾപ്പടെയുള്ള ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്കെതിരെ മുൻകരുതൽ സ്വീകരിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. പകൽ 11 മുതൽ 3 മണി വരെ തുടർച്ചയായി വെയിലേൽക്കുന്നത് ഒഴിവാക്കണം. അതേസമയം, സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ശനിയാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

## കണ്ണൂർ - ഹജ്ജ് (ഇൻട്രോ)

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്നുള്ള ഈ വർഷത്തെ ഹജ്ജ് സർവീസിന് തുടക്കമായി. 350 ഓളം തീർത്ഥാടകരുമായി ആദ്യ വിമാനം പുറപ്പെട്ടു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...**

(വോയിസ്)

## ഹോട്ടൽ അടച്ചിട്ട് സമരം

വാണിജ്യ പാചക വാതക സിലിണ്ടറിൻറെ വില വർധനയിൽ സംസ്ഥാന വ്യാപകമായി ഇന്ന് ഹോട്ടലുകൾ അടച്ചിട്ട് പ്രതിഷേധിക്കുന്നു. 19 കിലോ സിലിണ്ടറിന് 993 രൂപ കൂടിയതിലാണ് പ്രതിഷേധം. ഓൺലൈൻ ഭക്ഷണ വിതരണവും തടസ്സപ്പെട്ടിട്ടുണ്ട്.

## മൂന്നാർ പുഷ്പമേള - ഇടുക്കി (ഇൻട്രോ)

മൂന്നാർ പുഷ്പമേള ആസ്വദിക്കാൻ സഞ്ചാരികളുടെ വൻ തിരക്ക്. മൂന്നാർ - ദേവികുളം റോഡിലുള്ള ഗവൺമെന്റ് ബൊട്ടാണിക്കൽ ഗാർഡനിലാണ് ജില്ലാ വിനോദസഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ പുഷ്പമേള സംഘടിപ്പിച്ചിരിക്കുന്നത്.

**ഇടുക്കിയിൽ നിന്നും ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

## കണ്ണൂർ സർവ്വകലാശാല

കണ്ണൂർ സർവകലാശാലയിൽ പബ്ലിക് റിലേഷൻ ഓഫീസറായി നിയമനം ലഭിച്ച കാഴ്ച പരിമിതി നേരിടുന്ന ബി.ജെ.പ്രദീപ് ചുമതലയേറ്റു. രാജ്യത്ത് തന്നെ ആദ്യമായാണ് സർവകലാശാലാ PRO ആയി കാഴ്ച പരിമിതിയുള്ള വ്യക്തി നിയമിക്കപ്പെടുന്നത്.

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ ചാഞ്ചാട്ടം. സെൻസെക്സ് നഷ്ടത്തിലും നിഫ്റ്റി നേട്ടത്തിലും വ്യാപാരം തുടരുന്നു. സ്വർണ്ണവില കൂടി. പവന് 1,560 രൂപ വർധിച്ച് ഒരു ലക്ഷത്തി 10,960 രൂപയും ഗ്രാമിന് 13,870 രൂപയുമാണ് ഇന്നത്തെ വില.

## ആഗോള എണ്ണവില

ഹോർമുസിലൂടെ സഞ്ചരിക്കുന്ന വാണിജ്യ കപ്പലുകളെ പിന്തുണയ്ക്കുന്നതിനുള്ള, "പ്രൊജക്റ്റ് ഫ്രീഡം" ദൗത്യം, താൽക്കാലികമായി നിർത്തുമെന്ന, യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പ്രഖ്യാപനത്തെത്തുടർന്ന്, ആഗോള എണ്ണവില കുറഞ്ഞു. അന്താരാഷ്ട്ര വിപണിയിൽ, ബ്രെന്റ് ക്രൂഡ് ഓയിൽ വില 1.21 ശതമാനം കുറഞ്ഞ്, ബാരലിന് 108.54 ഡോളറിലെത്തി. വിലയിൽ നേരിയ കുറവുണ്ടായെങ്കിലും എണ്ണ വിപണി ഇപ്പോഴും കടുത്ത പ്രതിസന്ധിയിലാണ്.

## ഇറാൻ - യു.എൻ പ്രമേയം

ഹോർമുസിലൂടെയുള്ള കപ്പൽ ഗതാഗതം പുനഃസ്ഥാപിക്കാൻ ഇറാനുമേൽ സമ്മർദ്ദം ലുത്താൻ ഐക്യരാഷ്ട്രസഭയുടെ പ്രമേയം മുന്നോട്ട് വെച്ച് അമേരിക്കയും ഗൾഫ് സഖ്യകക്ഷികളും. കപ്പലുകളെ ആക്രമിക്കുകയോ നിയമവിരുദ്ധമായി ടോൾ ഈടാക്കുകയോ ചെയ്യുന്നത് തുടർന്നാൽ ഇറാൻ, ഉപരോധമുൾപ്പടെയുള്ള നടപടികൾ നേരിടേണ്ടിവരുമെന്ന് കരട് പ്രമേയം മുന്നറിയിപ്പ് നൽകുന്നു. നേരത്തെ ചൈനയുടെയും റഷ്യയുടെയും വീറ്റോകൾ കാരണം ഐക്യരാഷ്ട്രസഭ പ്രമേയം പരാജയപ്പെട്ടിരുന്നു.

☸☸☸☸☸☸☸☸☸☸☸☸☸

## ഫാക്ട് ചെക്ക്

കഴിഞ്ഞ വർഷം മെയ് 10 ന് ഇന്ത്യൻ സംവിധാനങ്ങൾ പാകിസ്ഥാൻ തടസ്സപ്പെടുത്തിയെന്ന തരത്തിൽ പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിംഗ് സംസാരിക്കുന്ന വീഡിയോ നിർമ്മിത ബുദ്ധി ഉപയോഗിച്ച് സൃഷ്ടിച്ചതാണെന്ന് പി ഐ ബി വസ്തുതാപരിശോധനാ വിഭാഗം കണ്ടെത്തി. ഇത്തരം വീഡിയോകൾ വിശ്വസിക്കരുതെന്നും സംശയാസ്പദമായ ഉള്ളടക്കം ശ്രദ്ധയിൽപ്പെട്ടാൽ 87 99 71 12 59 എന്ന നമ്പറിലോ factcheck@pib.gov.in എന്ന ഈ മെയിൽ വിലാസത്തിലോ അറിയിക്കണമെന്നും പി ഐ ബി അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸